# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 200 – 23.01.2014 -ലെ മറുപടിക്ക്

## പൊതുകടമായി എടുക്കുന്ന തുകയുടെ വിനിയോഗം

**ചോദ്യം**
ശ്രീ. സി. കൃഷ്ണൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. പി. റ്റി. എ. റഹീം
ശ്രീ. എ. എം. ആരീഫ്

**ഉത്തരം**
ശ്രീ. കെ. എം. മാണി
(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാന സർക്കാർ പൊതുകടമായി എടുക്കുന്ന തുക വിനിയോഗിക്കുന്നതിൽ സർക്കാരിന്റെ നയം വ്യക്തമാക്കാമോ;<br>(ബി) വികസനപരമായ ആവശ്യത്തിലേയ്ക്കല്ലാതെ കടമായി വാങ്ങുന്ന തുക ഉപയോഗിക്കുന്നതിൽ നിലപാട് വ്യക്തമാക്കുമോ;<br>(സി) ഉല്പാദനപരമല്ലാത്ത കാര്യങ്ങൾക്ക് ഇത്തരത്തിൽ കടം വാങ്ങുന്ന തുക ഉപയോഗിക്കുക വഴി സംസ്ഥാന വികസനം സംരക്ഷിക്കപ്പെടുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്മേൽ എന്തു നടപടി സ്വീകരിച്ചു. | സംസ്ഥാന സർക്കാർ പൊതുകടമായി എടുക്കുന്ന തുക വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കണമെന്നതാണ് സർക്കാരിന്റെ നയം. 2011-12, 2012-13, 2013-14 (30.11.2013 വരെ) എന്നീ വർഷങ്ങളിൽ മൂലധന ചെലവിനത്തിൽ യഥാക്രമം **4851.46, 5739.43, 2736.32** കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പുറമെ പൊതുമരാമത്ത്, ജലവിതരണം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിലെ വികസന ചെലവുകൾക്കായി 2011-12, 2012-13, 2013-14 (30.11.2013 വരെ) കാലയളവിൽ യഥാക്രമം **22355.52, 26685.89, 16776.46** കോടി രൂപയും വിനിയോഗിച്ചു.<br>കടമായി വാങ്ങുന്ന തുക വികസനേതര ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്ന സാഹചര്യമില്ല. |

സെക്ഷൻ ഓഫീസർ